പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ **6316**

**20.11.2019** -ലെ മറുപടിയ്ക്ക്

**അസിസ്റ്റന്റ് ലേബർ ഓഫീസർ തസ്തിക**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.അൻവർ സാദത്ത് : | ശ്രീ. ടി.പി.രാമകൃഷ്ണൻ<br>(ബഹു: തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
| എ) ഷോപ്പ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട് പ്രകാരം സംസ്ഥാനത്ത് രജിസ്റ്റർ ചെയ്തിട്ടുള്ള സ്ഥാപനങ്ങൾ എത്രയാണെന്നറിയിക്കാമോ; | എ) ലേബർ കമ്മീഷണറുടെ Labour Commissionerate Automation System ( LCAS) ൽ ലഭ്യമായ ഡാറ്റ പ്രകാരം 1960-ലെ ഷോപ്പ്സ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട് വകുപ്പ് 5 (എ), ഷോപ്പ്സ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് റൂൾ 1961 പ്രകാരം സംസ്ഥാനത്ത് 13.11.2019 വരെ 3,51,615 സ്ഥാപനങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| ബി) പ്രസ്തുത സ്ഥാപനങ്ങൾ പരിശോധിച്ച് രജിസ്ട്രേഷൻ, മിനിമം വേതനം, തൊഴിൽ സാഹചര്യം എന്നിവ പാലിക്കുന്നുണ്ടോ എന്ന് ഉറപ്പുവരുത്തുന്നതിന് നിലവിൽ അസിസ്റ്റന്റ് ലേബർ ഓഫീസർ തസ്തികയിൽ എത്ര ഉദ്യോഗസ്ഥരുണ്ട്; വ്യക്തമാക്കാമോ; | ബി) സ്ഥാപനങ്ങൾ പരിശോധിച്ച് രജിസ്ട്രേഷൻ, മിനിമം വേതനം, തൊഴിൽ സാഹചര്യം എന്നിവ പാലിക്കുന്നുണ്ടോ എന്ന് ഉറപ്പ് വരുത്തുന്നതിന് നിലവിൽ അസിസ്റ്റന്റ് ലേബർ ഓഫീസർ ഗ്രേഡ്-2 തസ്തികയിൽ 101 ഉദ്യോഗസ്ഥരുണ്ട്.<br><br>തൊഴിൽ വകുപ്പിന്റെ എൻഫോഴ്സ്മെന്റ് വിഭാഗത്തിൽ 14 എൻഫോഴ്സ്മെന്റ് ജില്ലാ ലേബർ ഓഫീസർമാരുടെ നേതൃത്വത്തിൽ 101 അസിസ്റ്റന്റ് ലേബർ ഓഫീസർമാർ ഉൾപ്പെടുന്ന എൻഫോഴ്സ്മെന്റ് വിഭാഗം വിവിധ തൊഴിൽ നിയമങ്ങൾ പ്രകാരം കടകളിലും വാണിജ്യസ്ഥാപനങ്ങളിലും പരിശോധനകൾ നടത്തി വരുന്നു. ഇതിൻ പ്രകാരം കണ്ടെത്തുന്ന നിയമലംഘനങ്ങൾക്ക് നോട്ടീസ് നൽകി തുടർനടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. മിനിമം വേതനം നൽകാത്ത കേസുകളിൽ ഡെപ്യൂട്ടി ലേബർ കമ്മീഷണർ മുമ്പാകെ ക്ലെയിം പെറ്റീഷനും കേരള ഷോപ്പ്സ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട്-1960, മെറ്റേർണിറ്റി ബെനിഫിറ്റ് ആക്ട്-1961, പേയ്മെന്റ് ഓഫ് ബോണസ് ആക്ട്-1965, പേയ്മെന്റ് ഓഫ് വേജസ് ആക്ട്-1936 തുടങ്ങിയ വിവിധ നിയമപ്രകാരമുള്ള |

| | |
|---|---|
| | പരിശോധനകളിൽ കണ്ടെത്തുന്ന നിയമലംഘനങ്ങൾക്ക് സബ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോർട്ടിൽ എസ്.റ്റി കേസുകളും ഫയൽ ചെയ്തു വരുന്നു. ഈ പ്രവർത്തനങ്ങൾ റീജിയണൽ തലത്തിൽ കൊല്ലം, എറണാകുളം, കോഴിക്കോട് റീജിയണൽ ജോയിന്റ് ലേബർ കമ്മീഷണർമാരും സംസ്ഥാന തലത്തിൽ അഡീഷണൽ ലേബർ കമ്മീഷണർ (എൻഫോഴ്സ്മെന്റ്)-ഉം ലേബർ കമ്മീഷണറുടെ മേൽനോട്ടത്തിൽ നിരീക്ഷിച്ച് നടപ്പിലാക്കി വരുന്നു. വേതനത്തോടുകൂടിയ ആഴ്ച അവധി, ഓവർടൈം വേതനം, മിനിമം വേതനം, ഇരിപ്പിടാവകാശം, മറ്റ് സൗകര്യങ്ങൾ എന്നിവ തൊഴിലാളികൾക്ക് ലഭ്യമാകുന്നുണ്ടോ എന്ന് ഉറപ്പുവരുത്തുന്നതിനായി സംസ്ഥാനതലത്തിൽ സ്പെഷ്യൽ ഡ്രൈവുകളും ജില്ലാ തലത്തിൽ ജില്ലാതല സ്ക്വാഡ് പരിശോധനകളും സ്ഥാപനപരിശോധനകളും നടത്തിവരുന്നു. |
| സി) പ്രസ്തുത ഉദ്യോഗസ്ഥരെ ഉപയോഗിച്ച് സംസ്ഥാനത്തുള്ള സ്ഥാപനങ്ങളിൽ കൃത്യമായ പരിശോധന നടത്തുവാൻ സാധിക്കുമോ; ഇല്ലെങ്കിൽ പ്രസ്തുത തസ്തികയുടെ എണ്ണം വർദ്ധിപ്പിച്ച് തൊഴിൽ വകുപ്പ് ശാക്തീകരിക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | സി) തൊഴിൽ വകുപ്പിൽ ഇപ്പോൾ നിലവിലുള്ള ഉദ്യോഗസ്ഥർ പരിശോധനകൾ കൃത്യമായി നടത്തി വരുന്നുണ്ട്. തൊഴിൽ വകുപ്പ് ശാക്തീകരിക്കുന്ന വിഷയം സർക്കാർ പരിശോധിച്ചു വരികയാണ്. |

സെക്ഷൻ ഓഫീസർ